# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.11.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ശീതകാല സമ്മേളനത്തിന്റെ നാലാം ദിവസവും പ്രക്ഷുബ്ധമായി പാർലമെന്റ്. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

**Both Houses of Parliament adjourned for the day after witnessing continued disruption on the fourth consecutive day of the Winter Session today.**

2) പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഒഡിഷയിലെത്തും. മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുടെ അഖിലേന്ത്യാ സമ്മേളനത്തെ നാളെ അഭിസംബോധന ചെയ്യും.

**Prime Minister Narendra Modi will arrive in Odisha today for a three-day visit. The Prime Minister will attend the All India Conference of Director Generals and Inspector Generals of Police in Bhubaneswar from tomorrow.**

3) മഹാരാഷ്ട്രയിൽ പുതിയ സർക്കാർ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ അന്തിമഘട്ടത്തിൽ.

**Discussions for the formation of new government in Maharashtra in final phase.**

4) സാമൂഹ്യ സുരക്ഷാ പെൻഷൻ ക്രമക്കേടുകളിൽ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ.

**The state government has announced a vigilance inquiry into social security pension irregularities.**

5) **തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട അതിതീവ്ര ന്യൂനമർദം നാളെയോടെ മഹാബലിപുരത്തിനും പുതുച്ചേരിക്കുമിടയിൽ കരയിൽ പ്രവേശിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**

**The deep depression over South West Bay of Bengal is likely to cross between Mahabalipuram and Puducherry tomorrow morning.**

************************************************************************************************

## PARLIAMENT – (INTRO)

ശീതകാല സമ്മേളനത്തിൻറെ നാലാം ദിവസവും പ്രക്ഷുബ്ധമായി പാർലമെൻറ്. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഒരു പ്രമുഖ വ്യവസായ ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണവും, മറ്റ് വിഷയങ്ങളും ഉയർത്തി ആയിരുന്നു പ്രതിപക്ഷ പ്രതിഷേധം. രാജ്യസഭയിൽ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷത്തിൻറെ ആവശ്യം സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ നിരാകരിച്ചു. പ്രതിഷേധിക്കുന്ന അംഗങ്ങൾ തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുകയാണെന്നും, സഭാനടപടികൾ ഇത്തരത്തിൽ തടസ്സപ്പെടുത്തുന്നത് ജന താത്പര്യത്തിന് വിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. ലോക്സഭയിലും സമാനമായ പ്രതിഷേധമാണ് അരങ്ങേറിയത്. കോൺഗ്രസ് ഡിഎംകെ സമാജ് വാദി ഉൾപ്പെടെയുള്ള പ്രതിപക്ഷ കക്ഷികൾ മുദ്രാവാക്യങ്ങളുമായി സഭയുടെ നടുത്തളത്തിലിറങ്ങി. സഭാ നടപടികൾ സമാധാനപരമായി മുന്നോട്ട് കൊണ്ടുപോകണമെന്നും, ചർച്ചകളാണ് ജനാധിപത്യത്തിൽ വേണ്ടതെന്നും ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു.

**(ഹോൾഡ്............)**

തുടർന്ന് 12 മണി വരെ നിർത്തി വച്ച സഭാനടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിഷേധം തുടർന്നതിനാൽ ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. ഇരു സഭകളും തിങ്കളാഴ്ച വീണ്ടും സമ്മേളിക്കും.

************************************************************************************************

## PAR – OPPOSITION PROTEST

രാജ്യതലസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായി ആരോപിച്ച് ആം ആദ്മി പാർട്ടി എംപിമാർ പാർലമെൻറിന് പുറത്ത് പ്രതിഷേധിച്ചു. നഗരത്തിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് പാർട്ടി നേതാവ് സഞ്ജയ് സിങ് പ്രതികരിച്ചു. താങ്ങുവില സംബന്ധിച്ച പ്രശ്നം ചൂണ്ടിക്കാട്ടി പഞ്ചാബിൽ നിന്നുള്ള കോൺഗ്രസ് എംപിമാരും പാർലമെൻറിന് പുറത്ത് പ്രതിഷേധ പ്രകടനം നടത്തി.

*****************************************************************************************************************

## WAQF

വഖഫ് ഭേദഗതി ബിൽ പരിശോധിക്കുന്ന സംയുക്ത പാർലമെൻററി സമിതിയുടെ കാലാവധി ദീർഘിപ്പിച്ചു. 2025 ബജറ്റ് സമ്മേളനത്തിന്റെ അവസാന ദിനം വരെ കാലാവധി നീട്ടുന്ന പ്രമേയം ലോക്സഭ ഇന്നലെ പാസ്സാക്കി. 13 പ്രതിപക്ഷ എംപിമാർ ഉൾപ്പെടെ ലോക്സഭയിൽ നിന്നും രാജ്യസഭയിൽ നിന്നുമുള്ള 21 അംഗങ്ങളാണ് സമിതിയിലുള്ളത്.

*****************************************************************************************************************

## PRESIDENT – NILGIRIS

തമിഴ്നാട് സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് നീലഗിരി ജില്ലയിലെ ഗോത്ര വിഭാഗങ്ങളുമായും, ആദിവാസി വനിതാ സ്വയം സഹായ സംഘങ്ങളുമായും സംവദിക്കും. നാളെ തിരുവാരൂരിൽ നടക്കുന്ന തമിഴ്നാട് കേന്ദ്ര സർവകലാശാല യുടെ ബിരുദദാനച്ചടങ്ങിനെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. ഇന്നലെ ഊട്ടിയിലെ വെല്ലിംഗ്ടൺ പ്രതിരോധ സേനാ സ്റ്റാഫ് ട്രെയിനിംഗ് കോളേജിൽ സംഘടിപ്പിച്ച പരിപാടിയിൽ രാഷ്ട്രപതി മുഖ്യ പ്രഭാഷണം നടത്തിയിരുന്നു.

*****************************************************************************************************************

**PM CONFERENCE**

പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഒഡിഷയിലെത്തും. ഭുവനേശ്വറിൽ നടക്കുന്ന ഡി.ജി.പി, ഐജി തലത്തിലുള്ള മുതിർന്ന പോലീസ്ഉദ്യോഗസ്ഥരുടെ അഖിലേന്ത്യാ സമ്മേളനത്തെ പ്രധാനമന്ത്രി നാളെ അഭിസംബോധന ചെയ്യും. ദേശീയ സുരക്ഷ, ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ, ഇടതു തീവ്രവാദം, തീരദേശ സുരക്ഷ, പുതിയ ക്രിമിനൽ നിയമങ്ങൾ, മയക്കുമരുന്ന് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മൂന്ന് ദിവസത്തെ സമ്മേളനത്തിൻറെ ഉദ്ഘാടനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് നിർവഹിക്കും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, സി.ആർ.പി,എഫ്, റോ, ഇൻറലിജൻസ് ബ്യൂറോ,എൻ,എസ്.ജി മേധാവികൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പൊലീസ് മെഡലും ചടങ്ങിൽ സമ്മാനിക്കും.

****************************************************************************************************

**MAHARASHTRA GOVT**

മഹാരാഷ്ട്രയിൽ പുതിയ സർക്കാർ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ അന്തിമഘട്ടത്തിൽ. മഹായുതി സഖ്യ നേതാക്കളായ ഏക്നാഥ് ഷിൻഡേ, ദേവേന്ദ്ര ഫഡ്നവിസ്, അജിത് പവാർ എന്നിവർ കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷായുമായി ന്യൂഡൽഹിയിൽ ഇന്നലെ കൂടിക്കാഴ്ച നടത്തി. ബിജെപി കേന്ദ്ര നേതൃത്വത്തിൻറെ തീരുമാനം അംഗീകരിക്കുമെന്ന് ശിവസേനാ നേതാവും കാവൽ മുഖ്യമന്ത്രിയുമായ ഏക് നാഥ് ഷിൻഡേ വ്യക്തമാക്കിയിരുന്നു.

****************************************************************************************************

**PENSION**

സാമൂഹ്യസുരക്ഷാ പെൻഷൻ ക്രമക്കേടുകളിൽ കൂടുതൽ നടപടികളുമായി സംസ്ഥാന ധന വകുപ്പ്. മലപ്പുറം കോട്ടക്കൽ നഗരസഭയിൽ തട്ടിപ്പിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ധനമന്ത്രി കെ എൻ ബാലഗോപാൽ നിർദേശം നൽകി. ഏഴാം വാർഡിലെ 42 ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച പരിശോധനയിൽ 38 പേരും അനർഹരാണെന്ന് കണ്ടെത്തിയിരുന്നു.

**************************************************************************************************

**ALAPPUZHA – (INTRO)**

ആലപ്പുഴ നവജാത ശിശുവിന് വൈകല്യമുണ്ടായ സംഭവത്തിൽ ആരോഗ്യവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറിൻറെ നേതൃത്വത്തിലുള്ള സം ഘം അന്വേഷണം ആരംഭിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി**
**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...**
**(HOLD VOICE.........)**

**************************************************************************************************

**IDUKKI**

കോതമംഗലം കുട്ടമ്പുഴയിൽ വനത്തിൽ കാണാതായ മൂന്ന് സ്ത്രീകളെ കണ്ടെത്തി. വനംവകുപ്പ് ഉദ്യോഗസ്ഥരും നാട്ടുകാരും ചേർന്ന് സംയുക്തമായി നടത്തിയ തെരച്ചിലിലാണ് ആറ് കിലോമീറ്റർ അകലെ അറക്കമുത്തി ഭാഗത്തുനിന്നും ഇവരെ കണ്ടെത്തിയത്. കാണാതായ പശുവിനെ തെരഞ്ഞ് വനത്തിനുള്ളിലേക്ക് പോയ ഇവർ തിരിച്ചുവരുന്നതിനിടയിൽ ആനയെ കണ്ടതോടെ പേടിച്ച് ഒളിക്കുകയായിരുന്നു.

**************************************************************************************************

## PM TOURISM

നിരവധി ജീവിതങ്ങളെ അഭിവൃദ്ധിപ്പെടുത്താൻ വിനോദസഞ്ചാര മേഖലയ്ക്ക് സാധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ടൂറിസം സെൻററുകൾ വികസിപ്പിക്കുന്നതിന് 40 പദ്ധതികൾക്ക് അംഗീകാരം നൽകിയതുമായി ബന്ധപ്പെട്ട് പ്രതികരിക്കുകയായിരുന്നു പ്രധാനമന്ത്രി . ടൂറിസം മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് തുടരുമെന്നും അദ്ദേഹം പറഞ്ഞു.

******************************************************************************************************

## BIHAR SITHARAMAN

കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ ഇന്ന് ബിഹാറിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. റീജിയണൽ റൂറൽ ബാങ്കിൻറെ അവലോകന യോഗത്തെ ധനമന്ത്രി അഭിസംബോധന ചെയ്യും. ദർഭംഗ, മധുബനി ജില്ലകളിൽ ക്രെഡിറ്റ് ഔട്ട്റീച്ച് പരിപാടിയിലും ശ്രീമതി സീതാരാമൻ പങ്കെടുക്കും.

******************************************************************************************************

## TN CYCLONE

തമിഴ്നാടിന് സമീപം തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട അതിതീവ്ര ന്യൂനമർദം തമിഴ്നാട് തീരത്തോട് അടുക്കുന്നു. അടുത്ത മൂന്ന് മണിക്കൂറിനുള്ളിൽ ഇത് ചുഴലിക്കാറ്റായി മാറുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്. നാളെ രാവിലെയോടെ പുതുച്ചേരിക്ക് സമീപം മഹാബലിപുരത്തിനും, കാരക്കലിനുമിടയിൽ ചുഴലിക്കാറ്റ് കരയിൽ പ്രവേശിക്കും. ഇതിന്റെ പ്രഭാവത്തിൽ തീരദേശ ജില്ലകളിൽ 24 മണിക്കൂർ കൂടി ശക്തമായ മഴ തുടരും .കനത്ത മഴ കണക്കിലെടുത്ത് പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകിയിരിക്കുകയാണ്. ചെന്നൈ കടലൂരും നാഗപട്ടണവും ഉൾപ്പെടെ ഒമ്പത് തുറമുഖങ്ങളിൽ ചുഴലിക്കാറ്റ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ഡിസംബർ രണ്ട് വരെ കടലിൽ പോകരുതെന്നാണ് നിർദേശം.

എൻഡിആർഎഫും എസ്ഡിആർഎഫും കോസ്റ്റ് ഗാർഡും ഏത് സാഹചര്യവും നേരിടാൻ സജ്ജരായി നിലയുറപ്പിച്ചിട്ടുണ്ട്. വിമാന സമയത്തിൽ മാറ്റം വരാൻ സാധ്യതയുള്ളതിനാൽ യാത്രക്കാർ ഇക്കാര്യത്തിൽ സ്ഥിരീകരണം വരുത്തണമെന്ന് എയർപോർട്ട് അതോറിറ്റി നിർദ്ദേശിച്ചു .

********************************************************************************************

**ISL**

I S L ഫുട്ബോളിൽ, ഇന്ന് ഈസ്റ്റ് ബംഗാൾ - നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് - എഫ് സി ഗോവയോട് ഒരു ഗോളിന് പരാജയപ്പെട്ടു.

********************************************************************************************

**LAKSHADWEEP**

ലക്ഷദ്വീപ് സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നിയമ സേവന ക്യാമ്പും പ്രത്യേക ലോക് അദാലത്തും മിനിക്കോയ് ദ്വീപിൽ ആരംഭിച്ചു. രംഗ മഹൽ ഹാളിൽ ആരംഭിച്ച പരിപാടിയിൽ വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടന്നു. അദാലത്തിൽ വിദ്യാത്ഥികളുടെ വിവിധ പരാതികൾ പരിഗണിച്ചു. ഉച്ചയ്ക്ക് നടക്കുന്ന സമാപന ചടങ്ങിൽ കേരളാ ഹൈകോടതി ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ മുഖ്യാതിഥിയാവും.

********************************************************************************************

**WAYANAD**

ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും വയനാട് എം.പി. പ്രിയങ്ക ഗാന്ധിയും നാളെ വയനാട് ലോക്സഭ മണ്ഡലത്തിലെത്തും. തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പൊതുസമ്മേളത്തിൽ ഇരുവരും പങ്കെടുക്കും. കരുളായി, വണ്ടൂർ, എടവണ്ണ എന്നിവിടങ്ങളിലും പ്രിയങ്ക ഗാന്ധിക്ക് സ്വീകരണം നൽകും. ഞായറാഴ്ച

മാനന്തവാടിയിലും സുൽത്താൻ ബത്തേരിയിലും, കല്പറ്റയിലും പ്രിയങ്ക സ്വീകരണ പരിപാടികളിൽ പങ്കെടുക്കും.

****************************************************************************************

## BANGLADESH-ISKCON

ഇസ്കോൺ സംഘടന നിരോധിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ ചർച്ചകൾ നടന്നിട്ടില്ലെന്ന് ബംഗ്ലാദേശ്. ധാക്കയിൽ നടന്ന വാർത്താ സമ്മേളനത്തിൽ ബംഗ്ലാദേശ് ഇടക്കാല സർക്കാരിലെ പരിസ്ഥിതി മന്ത്രാലയ ഉപദേഷ്ടാവാണ് ഇക്കാര്യം വ്യക്തമാക്കിയത്. വ്യക്തികളും സംഘടനകളുമാണ് ഇത്തരം ആവശ്യങ്ങൾ ഉന്നയിച്ചതെന്നും ബംഗ്ലാദേശ് സർക്കാർ അറിയിച്ചു.

****************************************************************************************

## SL-INDIA NAVY

ഇന്ത്യ- ശ്രീലങ്ക നാവികസേനകൾ സംയുക്തമായി നടത്തിയ റെയ്ഡിൽ അറബിക്കടലിൽ രണ്ട് മത്സ്യബന്ധന ബോട്ടുകളിൽ നിന്ന് 500 കിലോ മയക്കുമരുന്ന് പിടികൂടി. ബോട്ട്ൃ ജീവനക്കാരെ ശ്രീലങ്കൻ അധികാരികൾക്ക് കൈമാറി.

****************************************************************************************

## PM MANGAL MUNDA

ഭഗവാൻ ബിർസ മുണ്ടയുടെ പിൻഗാമി മംഗൾ മുണ്ടയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. മംഗൾ മുണ്ടയുടെ വിയോഗം ജാർഖണ്ഡിലെ ആദിവാസി സമൂഹത്തിന് നികത്താനാവാത്ത നഷ്ടമാണെന്ന് പ്രധാനമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

****************************************************************************************
****************************************************************************************
*************